LIBRARY ARCHIVES Kerala Legislative Assembly

നദികളിലേയ്ക്ക് വിഷ വസ്തുക്കൾ തള്ളിവിടുന്നത് സംബന്ധിച്ച്

51 (2149) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് മുപ്ലി റബ്ബർ എസ്റ്റേറ്റിലെ കള കീടനാശിനി പ്രയോഗംമൂലം കുറുമാലി പുഴയിലെ ജലം മലിനപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നദികളിലെ ജലം ഇത്തരത്തിൽ മലിനപ്പെടുന്നത് പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ നദികളിലേക്ക് വിഷ വസ്തുക്കൾ തള്ളിവിടുന്ന സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) കുറുമാലിപ്പുഴയിൽ നിന്നും വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്കായി ശേഖരിച്ചിട്ടുണ്ട്.

(സി) കീടനാശിനികൾ തളിക്കുന്നത്മൂലം ജലസ്രോതസ്സുകൾ മലിനപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ ഇതിന്റെ കാരണക്കാർക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

വലിയപറമ്പ് നടപ്പാലം നിർമ്മാണം

52 (2150) ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് ദ്വീപിനെ രാമന്തളി പഞ്ചായത്തുമായി ബന്ധിപ്പിച്ച് നിർമ്മിക്കാൻ തീരുമാനിച്ച നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ ?

ഉത്തരം

പ്രസ്തുത പവൃത്തിയുടെ സാദ്ധ്യതാ പഠനം നടന്നുവരികയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഇറിഗേഷൻ സുപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് മലപ്പുറം ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി

53 (2151) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇറിഗേഷൻ സ്കീമുകൾ എൻജിനീയറുടെ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എക്സി. എൻജിനീയറുടെ ഓഫീസ് മങ്കൊമ്പ് ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് 1-2-2010-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) 10/2010/ഡബ്ല്യു.ആർ.ഡി.നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത അപേക്ഷയിന്മേൽ ചീഫ് എൻജിനീയറുടെ (ജലസേചനവും ഭരണവും) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം നിവേദനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എല്ലാം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

ദേശീയ ജലപാത വികസന പദ്ധതി

54 (2152) ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ ജലപാതവികസന പദ്ധതി ഏത് ഘട്ടം വരെയായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്ര സർക്കാർ വിഹിതം എത്ര ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിലേക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; 2011-12 സാമ്പത്തിക ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുമോ ;

(സി) എന്തൊക്കെ അടിസ്ഥാന-അനുബന്ധ വികസനമാണ് ദേശീയ ജലപാത വികസനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(ഡി) പദ്ധതി മുന്നോട്ട് നീങ്ങുന്നില്ലായെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ കർശന നിർദ്ദേശം നൽകുമോ ;

(ഇ) എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഇ) വിവരംശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly